REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 05-09-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **സമ്പൽസമൃദ്ധിയുടെ ഓർമ്മ പുതുക്കി മലയാളികൾ തിരുവോണം ആഘോഷിക്കുന്നു.**
- **മലയാളികൾക്ക് തിരുവോണ ആശംസ നേർന്ന് രാഷ്ട്രപതിയും പ്രധാനമന്ത്രിയും.**
- **GST പരിഷ്കരണം രാജ്യത്തിന് ഇരട്ടി പിന്തുണയും വളർച്ചയും നൽകുന്നുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.**
- **പ്രവാചകൻ മുഹമ്മദ് നബിയുടെ 1500-ാമത് ജന്മദിനത്തിൽ വിപുലമായ ആഘോഷങ്ങൾ. നബിദിന ആശംസ നേർന്ന് രാഷ്ട്രപതിയും പ്രധാനമന്ത്രിയും.**
- **കേരള ക്രിക്കറ്റ് ലീഗ് സെമി ഫൈനൽ മത്സരങ്ങൾ ഉച്ചകഴിഞ്ഞ് തിരുവനന്തപുരത്ത്.**

## വാർത്തകൾ വിശദമായി

ഐശ്വര്യത്തിന്റെയും സമ്പൽസമൃദ്ധിയുടെയും പ്രതീകമായ തിരുവോണത്തെ വരവേറ്റിരിക്കുകയാണ് ലോകമെമ്പാടുമുള്ള മലയാളികൾ. പൂവിളിയും പൂക്കളവും ഒരുക്കി പുതുവസ്ത്രമണിഞ്ഞ് വിഭവസമൃദ്ധമായ തിരുവോണസദ്യക്ക് ഒരുങ്ങുകയാണ് കേരളം.

...............വോയ്സ്.............

മാനുഷരെല്ലാം ഒന്നുപോലെ വസിച്ചിരുന്ന മാവേലി നാടിന്റെ ഓർമ്മപുതുക്കി മലയാളികൾ തിരുവോണദിനത്തിന്റെ ആഘോഷത്തിമിർപ്പിലാണ്. അത്തം

മുതൽ ഗൃഹാങ്കണങ്ങളിൽ ഒരുക്കിയ പൂക്കളങ്ങൾ തിരുവോണദിനത്തിൽ പൂർണ്ണതയിലെത്തുമ്പോൾ നിറക്കാഴ്ച്ചകളൊരുക്കുകയാണ് ഓരോ വീട്ടുമുറ്റങ്ങളും. ദിവസങ്ങൾക്ക് മുമ്പേ നാടും നഗരവും ഏറ്റെടുത്ത ഓണാവേശം തിരുവോണദിനത്തിൽ അതിന്റെ പാരമ്യത്തിലെത്തുമ്പോൾ വിഭവ സമൃദ്ധമായ ഓണ സദ്യയ്ക്ക് ഒരുങ്ങുകയാണ് മലയാള നാട്. ഓണപ്പാച്ചിലിൽ അവസാന മണിക്കൂറുകളിൽ ആളുകൾ കൂട്ടത്തോടെ സാധനങ്ങൾ വാങ്ങാനെത്തിയത് കാരണം ഇന്നലെ വിപണികളിൽ വൻ തിരക്കാണ് റിപ്പോർട്ട് ചെയ്തത്. ഓണവുമായി ബന്ധപ്പെട്ട ആചാരാനുഷ്ഠാനങ്ങൾ നടക്കുന്ന ക്ഷേത്രങ്ങളിലും ഇന്ന് പുലർച്ചേ മുതൽ വൻ ഭക്തജനത്തിരക്കാണ് അനുഭവപ്പെട്ടത്.

✪✪✪

രാഷ്ട്രപതി ദ്രൗപദി മുർമുയും പ്രധാനമന്ത്രി നരേന്ദ്രമോദിയും മലയാളികൾക്ക് ഓണാശംസ നേർന്നു. കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തിന്റെയും പാരമ്പര്യത്തിന്റെയും സവിശേഷ ഉദാഹരണമാണ് ഓണമെന്ന് രാഷ്ട്രപതി ആശംസാ സന്ദേശത്തിൽ പറഞ്ഞു.

കേരളത്തിന്റെ പാരമ്പര്യത്തെയും സമ്പന്നമായ സംസ്കാരത്തെയും ഓർമ്മിപ്പിക്കുന്നതും ഐക്യത്തിന്റെയും, പ്രതീക്ഷയുടെയും, സാംസ്കാരിക അഭിമാനത്തിന്റെയും പ്രതീകവുമാണ് ഓണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു.

✪✪✪

ഓണസങ്കല്പം മുന്നോട്ടുവെക്കുന്നതിനേക്കാൾ സമൃദ്ധിയും സമത്വവും സന്തോഷവും നിറഞ്ഞ കേരളമായിരിക്കണം നമ്മുടെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

ലോകമെമ്പാടുമുള്ള മലയാളികൾക്ക് മുഖ്യമന്ത്രി തിരുവോണാശംസ നേർന്നു. ഭേദചിന്തകളൊന്നുമില്ലാതെ വിശാലമായ മനുഷ്യസ്നേഹം നെഞ്ചോടു ചേർത്തും പരസ്പരം സ്നേഹം പങ്കുവച്ചും സമഭാവനയും സാഹോദര്യവും പകരുന്ന ആനന്ദം നാമോരോരുത്തരും അനുഭവിച്ചറിയുന്നതായി പിണറായി വിജയൻ ആശംസാ സന്ദേശത്തിൽ പറഞ്ഞു.

✪✪✪

ഓണം സമൃദ്ധമാക്കാൻ വിപണിയിൽ സജീവമായി ഇടപെട്ട സപ്ലൈകോയുടെയും പൊതുവിതരണ വകുപ്പിന്റെയും പ്രവർത്തനങ്ങളിൽ മന്ത്രി GR. അനിൽ സംതൃപ്തി പ്രകടിപ്പിച്ചു. കരാർ തൊഴിലാളികളുൾപ്പെടെ മുഴുവൻ ജീവനക്കാരെയും അഭിനന്ദിക്കുന്നതായി മന്ത്രി പറഞ്ഞു.

ഇന്നലെ വരെ 56 ലക്ഷത്തിലധികം ഉപഭോക്താക്കൾ സപ്ലൈകോ വിൽപന ശാലകൾ സന്ദർശിച്ചു. വിറ്റു വരവായ 385 കോടിയിൽ 180 കോടി രൂപ സബ്സിഡി സാധനങ്ങളുടെ വിൽപനയിലൂടെയാണ് ലഭിച്ചതെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്തെ രണ്ടേകാൽ കോടിയോളം ജനങ്ങൾക്ക് നേരിട്ട് ഇതിന്റെ പ്രയോജനം ലഭിച്ചതായും GR. അനിൽ അറിയിച്ചു.

✪✪✪

തിരുവോണദിനത്തിൽ ഭക്തി സാന്ദ്രമായി ശബരിമല സന്നിധാനം. സുഗമമായ ദർശനഭാഗ്യത്തിൽ  തിരുവോണ സദ്യയുണ്ട് ആയിരങ്ങൾ.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി ശ്രിജി എസ് ശ്രീധർ.

(വോയ്സ്)

✪✪✪

കൺസ്യുമർ ഫെഡിന്റെ ഓണചന്തകളിൽ കോഴിക്കോട് ജില്ലയിൽ റെക്കോർഡ് വില്പന. ഉത്രാടദിനം വരെ 17 കോടിയോളം രൂപയുടെ വില്പന നടന്നു. മുൻവർഷത്തേതിൽ നിന്ന് വ്യത്യസ്തമായി ഇത്തവണ 10 ദിവസം പ്രവർത്തിക്കും. സബ്സിഡിയോടെ 13 ഇനങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളുമാണ് ഓണച്ചന്തകളിലൂടെ വിതരണം ചെയ്യുന്നത്.

കൺസ്യൂമർ ഫെഡിന് പുറമെ സഹകരണവകുപ്പിന് കീഴിൽ വിവിധ സൊസൈറ്റികളും ത്രിവേണി സൂപ്പർമാർക്കറ്റുകളും ഓണച്ചന്തകൾ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

വരും തലമുറ GST പരിഷ്കരണം രാജ്യത്തിന് ഇരട്ടി പിന്തുണയും വളർച്ചയും നൽകുന്നുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന GST  പരിഷ്കാരങ്ങൾ മധ്യവർഗത്തിനും നവമധ്യവർഗത്തിനും ദരിദ്രർക്കും യുവജനതക്കും സ്ത്രീകൾക്കും ഏറെ പ്രയോജനകരമാണെന്നും നരേന്ദ്രമോദി ന്യൂഡൽഹിയിൽ പറഞ്ഞു. സമയബന്ധിതമായ മാറ്റങ്ങളില്ലാതെ ഇന്നത്തെ ആഗോള സാഹചര്യത്തിൽ ഇന്ത്യക്ക് ശരിയായ സ്ഥാനം ലഭിക്കില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

✪✪✪

നികുതി ഘടന ലളിതമാക്കുന്നത് ഇടപാടുകൾ എളുപ്പമാക്കുമെന്ന് വരും തലമുറ ജി.എസ്.ടി പരിഷ്കാരങ്ങളെ സ്വാഗതം ചെയ്ത് വ്യവസായ സംഘടനകൾ വ്യക്തമാക്കി. ജി.എസ്.ടി പരിഷ്കാരങ്ങളിൽ ഇന്ത്യൻ

ടെക്സ്റ്റൈൽ വ്യവസായം സന്തുഷ്ടരാണെന്ന് കോൺഫഡറേഷൻ ഓഫ് ഇന്ത്യൻ ടെക്സ്റ്റൈൽ ഇൻഡസ്ട്രി സെക്രട്ടറി ജനറൽ ചന്ദ്രിമ ചാറ്റർജി പറഞ്ഞു.

✪✪✪

അടുത്ത തലമുറ GST പരിഷ്കാരങ്ങൾ രാജ്യത്തിന് ഊർജം പകരുമെന്ന് കേന്ദ്രമന്ത്രി ഭൂപേന്ദർ യാദവ് പറഞ്ഞു. ഹരിത ഇന്ത്യക്ക് GST പരിഷ്കാരങ്ങൾ ഏറെ പ്രയോജനകരമാണെന്നും ശുദ്ധവും ഹരിതവുമായ ഊർജ്ജ ഉപയോഗം, മാലിന്യ സംസ്കരണം മെച്ചപ്പെടുത്തൽ, സാമ്പത്തിക സന്തുലിതാവസ്ഥ നിലനിർത്തൽ തുടങ്ങിയവയിൽ സഹായകരമാകുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു. പാരിസ് ഉടമ്പടി പ്രകാരം ഇന്ത്യയുടെ നെറ്റ് സീറോ 2070 ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിന് സൗരോർജ്ജം, കാറ്റ്, മാലിന്യം എന്നിവയിൽ നിന്ന് ഊർജോൽപാദന പദ്ധതികൾ സ്ഥിരമായി സ്വീകരിക്കുന്നത് നിർണായകമാണെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

ചരക്ക് സേവന നികുതിയിൽ  കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന പരിഷ്കാരങ്ങൾ സമൂഹത്തിൽ വലിയ മാറ്റം സൃഷ്ടിക്കുമെന്ന് കണ്ണൂർ ആസ്ഥാനമായ നോർത്ത് മലബാർ ചേമ്പർ ഓഫ് കോമേഴ്സ് അഭിപ്രായപ്പെട്ടു. ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി KO.ശശിധരന്റെ റിപ്പോർട്ട്...

✪✪✪

ഇന്ന് നബിദിനം. പ്രവാചകൻ മുഹമ്മദ് നബിയുടെ 1500-ാമത്  ജന്മദിനത്തിന്റെ ഭാഗമായി രാജ്യമെങ്ങും വിവിധ ആഘോഷ പരിപാടികൾ സംഘടിപ്പിച്ചു. രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും നബിദിനാശംസകൾ നേർന്നു.

ഡെസ്ക് റിപ്പോർട്ട്....

മാനവിക സ്നേഹത്തിന്റെയും ധാർമികതയുടെയും പ്രവാചക സന്ദേശങ്ങൾ പ്രചരിപ്പിച്ച് ലോകമെങ്ങും നബിദിനം ആഘോഷിക്കുകയാണ്. പ്രവാചകൻ മുഹമ്മദ് നബി മാനവികതയ്ക്ക് ഐക്യത്തിന്റെയും സേവനത്തിന്റെയും സന്ദേശം നൽകിയിട്ടുണ്ടെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. വിശുദ്ധമായ ഈ ആഘോഷദിനത്തിൽ മുഹമ്മദ് നബിയുടെ അധ്യാപനങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് സാഹോദര്യത്തോടെ മുന്നോട്ട് പോകാൻ ദൃഢനിശ്ചയം ചെയ്യണമെന്ന് രാഷ്ട്രപതി സോഷ്യൽ മീഡിയ പോസ്റ്റിൽ കുറിച്ചു. നബിദിനം സമൂഹത്തിൽ സമാധാനവും ക്ഷേമവും കൊണ്ടുവരുമെന്ന് പ്രധാനമന്ത്രി മോദി സോഷ്യൽ മീഡിയ പോസ്റ്റിൽ പ്രത്യാശ പ്രകടിപ്പിച്ചു. കേരളത്തിൽ പള്ളികളും

മദ്രസകളും കേന്ദ്രീകരിച്ച് പ്രവാചക പ്രകീർത്തന മന്ത്രണങ്ങളും ആത്മീയ സദസ്സൊരുക്കി വിശ്വാസികൾ ആഘോഷപരിപാടികൾ നടത്തുകയാണ്.

✪✪✪

ഇന്ന് ദേശീയ അധ്യാപക ദിനം. രാജ്യത്തെ പൗരന്മാരെ ബോധവൽക്കരിക്കുന്നതിന് അധ്യാപകർ നൽകുന്ന സംഭാവനകളെ ആദരിക്കാനാണ് എല്ലാ വർഷവും സെപ്തംബർ അഞ്ച് ദേശീയ അധ്യാപക ദിനമായി ആചരിക്കുന്നത്. ഇന്ത്യയുടെ ആദ്യ ഉപരാഷ്ട്രപതിയും രണ്ടാമത്തെ രാഷ്ട്രപതിയുമായ ഡോ.സർവേപ്പള്ളി രാധാകൃഷ്ണന്റെ ജന്മദിനമാണ് അധ്യാപക ദിനം. അടുത്ത തലമുറയിലെ പഠിതാക്കളെ പ്രചോദിപ്പിക്കുകയെന്നതാണ് ഈ വർഷത്തെ അധ്യാപക ദിനാചരണ പ്രമേയം.

✪✪✪

രാജ്യത്തെ അധ്യാപകർക്ക് രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയും ആശംസ നേർന്നു. സമൂഹത്തിന്റെ വഴിക്കാട്ടിയും രാഷ്ട്രത്തിന്റെ ഭാവിയുടെ ശിൽപികളുമാണ് അധ്യാപകരെന്ന് രാഷ്ട്രപതി പറഞ്ഞു. ശക്തമായ ഒരു രാഷ്ട്രത്തിന്റെയും ശാക്തീകരിക്കപ്പെട്ട ഒരു സമൂഹത്തിന്റെയും അടിത്തറയാണ് അധ്യാപകരെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ആശംസാ സന്ദേശത്തിൽ പറഞ്ഞു. അധ്യാപകരുടെ പ്രവർത്തനങ്ങൾ ക്ലാസ് മുറികൾക്കപ്പുറത്തേക്ക് കടന്നു ചെല്ലുന്നുവെന്നും യുവജനതയുടെ സ്വഭാവ രൂപീകരണത്തിലും അധ്യാപകരുടെ പങ്ക് നിസ്തുലമാണെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

ദേശീയ അധ്യാപകദിനത്തോട് അനുബന്ധിച്ച് രാഷ്ട്ര ഭാഷ വേദിയുടെ ആഭിമുഖ്യത്തിൽ കോഴിക്കോട്ട് നടന്ന പരിപാടി വിവർത്തകൻ ഡോ. ആർസു ഉദ്ഘാടനം ചെയ്തു. രാഷ്ട്രഭാഷാ വേദിയുടെ 17ാമത് പുരസ്കാരത്തിന് കോഴിക്കോട് നടക്കാവ് SSK-യിലെ BPO വി.ഹരീഷിനെ തെരഞ്ഞെടുത്തു.

✪✪✪

കേരള ക്രിക്കറ്റ് ലീഗിലെ സെമി ഫൈനൽ മത്സരങ്ങൾ ഇന്ന് തിരുവനന്തപുരത്ത് നടക്കും.  ഉച്ചകഴിഞ്ഞ്  രണ്ടരയ്ക്ക് ആദ്യ സെമിയിൽ തൃശൂർ ടൈറ്റൻസ്, കൊല്ലം സെയിലേഴ്സിനെ നേരിടും. വൈകിട്ട് 6.45ന് രണ്ടാം സെമിയിൽ കൊച്ചി ബ്ലൂ ടൈഗേഴ്സ്,  കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസുമായി ഏറ്റുമുട്ടും.

✪✪✪

പ്രമുഖ ഫൊറൻസിക് വിദഗ്ധ ഡോ. ഷെർളി വാസുവിന്റെ ഭൗതികദേഹം വൈകീട്ട് കോഴിക്കോട് മാവൂർ റോഡ് സ്മൃതി പഥത്തിൽ സംസ്കരിക്കും. ഇന്നലെ ഉച്ചയോടെ ഹൃദയാഘാതതെ തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളെജിലായിരുന്നു അവരുടെ അന്ത്യം.

✪✪✪

വിദേശകാര്യമന്ത്രി ഡോ.S ജയ്ശങ്കർ ഉക്രെയ്ൻ വിദേശകാര്യമന്ത്രി ആൻഡ്രി സിബിഹയുമായി ഫോണിൽ സംസാരിച്ചു. ഉക്രെയിൻ സംഘർഷവും ഉഭയകക്ഷി സഹകരണവും ചർച്ച ചെയ്തതായി ജയ്ശങ്കർ സാമൂഹിക മാധ്യമ പോസ്റ്റിൽ കുറിച്ചു. സംഘർഷം അവസാനിപ്പിച്ച് സമാധാനം പുനസ്ഥാപിക്കുന്നതിന് ഇന്ത്യയുടെ പിന്തുണ വാഗ്ദാനം ചെയ്തതായും ജയ്ശങ്കർ പറഞ്ഞു.

✪✪✪

വിദ്യാർത്ഥികളുടെ പൂർണ്ണ ശേഷി തിരിച്ചറിയാൻ സഹായിക്കുന്ന എല്ലാ ഗുരുക്കന്മാരെയും കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ അധ്യാപക ദിനത്തിൽ അഭിവാദ്യം ചെയ്തു. അധ്യാപകരുടെ കഠിനാധ്വാനവും സമർപ്പണവും വിദ്യാർത്ഥികളെ വളർത്തുകയും അവരുടെ ജീവിതത്തെ പ്രകാശിപ്പിക്കുകയും ദേശീയ വികസനത്തിന് സംഭാവന നൽകുകയും ചെയ്യുന്നുവെന്ന് സോഷ്യൽ മീഡിയ പോസ്റ്റിൽ അദ്ദേഹം പറഞ്ഞു. അധ്യാപകർ വായനയിലും എഴുത്തിലും മാത്രം ഒതുങ്ങുന്നില്ലെന്നും അവർ രാഷ്ട്രത്തോടുള്ള ഉത്തരവാദിത്തബോധം പഠിപ്പിക്കുന്നുണ്ടെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

✪✪✪✪✪✪✪✪✪